

# സമ്പൂർണ്ണകൃതികൾ: ഭാഗം V

കെ. ദാമോദരൻ



## 4. ഉപനിഷത്തുകൾ

# സമ്പൂർണ്ണകൃതികൾ: ഭാഗം V

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

## ഉള്ളടക്കം


4 ഉപനിഷത്തുകൾ . . . . . . . . . . . . . . . . . . . . . . . 1

1 ജ്ഞാനവും കർമ്മവും . . . . . . . . . 2

2 പതറാത്ത സത്യാന്വേഷണം . . . . . 3

3 മൂലകാരണമെന്ത്? . . . . . . . . . . . 4

4 മൃഗത്തിൽ നിന്ന് മനുഷ്യനിലേക്ക് . . . 5

5 എന്താണ് ആത്മാവ്? . . . . . . . . . 6

6 കഠോപനിഷത്ത് പറയുന്നു: . . . . . 7

7 ഏകത്വവും നാനാത്വവും . . . . . . . . 8

8 ആത്മാവും ബ്രഹ്മവും . . . . . . . . . . 9

# 4

## ഉപനിഷത്തുകൾ

രക്തബന്ധാടിസ്ഥാനത്തിലുള്ള ഗോത്രസംഘടനയുടെ തകർച്ചയും മേലാളർ–കീഴാളർബന്ധങ്ങളുടെ അടിസ്ഥാനത്തിലുള്ള വർണ്ണവ്യവസ്ഥയുടെ ആവിർഭാവവും സാമൂഹ്യജീവിതത്തിലാകെ വമ്പിച്ച പരിവർത്തനങ്ങളുളവാക്കി. ഒരുഭാഗത്ത് കൃഷിയും കൈത്തൊഴിലും കൈവേലകളും കൊള്ളക്കൊടുക്കകളും മറ്റും അഭിവൃദ്ധിപ്പെടുകയും ഭൗതികസുഖസൗകര്യങ്ങൾ വർദ്ധിക്കുകയും ചെയ്തു. മറുഭാഗത്ത്, സാമ്പത്തികവും സാമൂഹ്യവുമായ ഉച്ചനീചത്വങ്ങൾ ഗോത്രസമൂഹത്തിലെ ഐക്യത്തെയും സമത്വത്തെയും സൗഹാർദ്ദത്തെയും ഛിന്നഭിന്നമാക്കി. കൂട്ടായ ജീവിതത്തിൽ നിന്നു ലഭിച്ചിരുന്ന സംരക്ഷണബോധത്തിന്റെ അടിത്തറ തകർന്നു. വ്യക്തിയും സമൂഹവും തമ്മിലുള്ള വിടവു വർദ്ധിച്ചു. ബാഹ്യപ്രകൃതിയോടും സമൂഹത്തോടുമുള്ള മനുഷ്യന്റെ ബന്ധങ്ങൾക്കു മാറ്റം സംഭവിച്ചു. സാമൂഹ്യസ്ഥാപനങ്ങളും സാമൂഹ്യാചാരങ്ങളും മനുഷ്യന്റെ ആന്തരികമായ ആവശ്യങ്ങൾക്കു നിരക്കാത്തവയായിത്തീർന്നു.

പ്രകൃതിപൂജയുടെയും അകൃത്രിമങ്ങളും ലളിതങ്ങളുമായ ചടങ്ങുകളുടെയും അടിസ്ഥാനത്തിലുള്ള വൈദികമതം പ്രാചീനാര്യന്മാരുടെ ഗോത്രസംഘടനയുടെ കെട്ടുറപ്പു നിലനിർത്താൻ സഹായകരമായിരുന്നു. പക്ഷേ, ഗോത്രസംഘടനയുടെ അടിത്തറ തകർന്നപ്പോൾ വൈദികമതത്തിന്റെ പ്രാധാന്യം കുറഞ്ഞു. പുതിയ സാഹചര്യങ്ങളിൽ ജനങ്ങളുടെ ആത്മീയാവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ അതിനു സാധിക്കാതായി. ഗോത്രവ്യവസ്ഥയുടെ ഐക്യം നിലനിർത്താൻ സഹായിച്ച മതച്ചടങ്ങുകളുടെ സ്ഥാനത്ത് വർണ്ണവ്യവസ്ഥയെ നിലനിർത്താൻ പറ്റിയ പുതിയ മതച്ചടങ്ങുകൾ ആവശ്യമായിത്തീർന്നു. പഴയ മൂല്യങ്ങൾ തകർന്നു. അവയുടെ സ്ഥാനത്ത് പുതിയ മൂല്യങ്ങൾ വേണമെന്നായി. പഴയതിനും പുതിയതിനുമിടയിലുള്ള വിടവ് ധാർമ്മികവും ആത്മീയവുമായ സംഘട്ടനങ്ങൾക്കു വഴിതെളിച്ചു. ഇത്തരം ഇടക്കാലഘട്ടങ്ങളിൽ മനുഷ്യൻ തന്റെ ജീവിതത്തിനു വല്ല അർത്ഥവുമുണ്ടോ എന്നും, താനും തന്റെ ആന്തരികപ്രകൃതിക്കിണങ്ങാത്ത ബാഹ്യപ്രകൃതിയും തമ്മിലുള്ള ബന്ധമെന്താണെന്നും, പ്രപഞ്ചത്തിൽ തനിക്കുള്ളസ്ഥാനമെന്തെന്നും മറ്റും ചിന്തിച്ചുപോവുക സ്വാഭാവികമാണ്. മനുഷ്യന്റെ ആന്തരികസത്തയെയും സാമൂഹ്യസാഹചര്യങ്ങളെയും പൊരുത്തപ്പെടുത്താൻ കഴിയുമോ? മനുഷ്യനും മനുഷ്യനും തമ്മിലുള്ള അകൽച്ചയും അനൈക്യവും അനിവാര്യമാണോ? മനുഷ്യരാശിയുടെ ഐക്യവും സാഹോദര്യവും പുനഃസ്ഥാപിക്കാൻ കഴിയുമോ? അനുനിമിഷം മാറിമറിഞ്ഞു കൊണ്ടിരിക്കുന്ന ഐഹിക ജീവിതത്തിന്റെ പിന്നിൽ സ്ഥിരവും ശാശ്വതവുമായ എന്തെങ്കിലുമുണ്ടോ? ഇത്തരം പ്രശ്നങ്ങൾക്കു സമാധാനം കണ്ടുപിടിക്കാൻ വേണ്ടി നടത്തിയ അന്വേഷണങ്ങളിൽ നിന്നാണ് ഉപനിഷത്തുകളിലെ തത്വചിന്തകൾ ആവിർഭവിച്ചത്.

## 1 ജ്ഞാനവും കർമ്മവും

ബ്രാഹ്മണങ്ങളിൽ പൗരോഹിത്യത്തിനായിരുന്ന പ്രാധാന്യം. ഉപനിഷത്തുകളിലാകട്ടെ, ബ്രാഹ്മണരുടെയെന്നപോലെ തന്നെ ക്ഷത്രിയരുടെയും സ്വാധീനം കാണാം. രാജാക്കന്മാർ പൊതുവിൽ തത്വജ്ഞാനികളുടെ രക്ഷാകർത്താക്കളായിരുന്നു. ഉദാഹരണത്തിന് കാശിയിലെ അജാതശത്രു ബ്രാഹ്മണനായ ബലാകിയെ തത്വശാസ്ത്ര ചർച്ചകളിൽ പരാജയപ്പെടുത്തുകയും തന്റെ ശിഷ്യന്മാരിലൊരാളാക്കി മാറ്റുകയും ചെയ്തു. വിദേഹത്തിലെ രാജാവും യാജ്ഞവാൽക്യനെന്ന പ്രമുഖചിന്തകന്റെ സുഹൃത്തുമായ ജനകൻ തത്വജ്ഞാനികളുടെ ചർച്ചായോഗങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കുക പതിവായിരുന്നു എന്ന് ബൃഹദാരണ്യകോപനിഷത്ത് വ്യക്തമാക്കുന്നു. പണ്ഡിതരായ നിരവധി ബ്രാഹ്മണർ കേകയരാജ്യത്തിന്റെ അധിപതിയായ അശ്വപതിയുടെ ശിഷ്യത്വം വരിച്ചതായി ഛാന്ദോഗ്യോപനിഷത്തിൽ കാണാം.

ആകെ 108 ഉപനിഷത്തുക്കളുണ്ടെന്നാണ് പൊതുവെ വിശ്വസിക്കപ്പെടുന്നത്. ഇരുനൂറിലധികമുണ്ടെന്നും ചിലർ പറയുന്നുണ്ട്. എന്നാൽ, തത്വശാസ്ത്രപരമായി ഏറ്റവുമധികം പ്രാധാന്യം വഹിക്കുന്നവ ഈശം, ഛാന്ദോഗ്യം, ബൃഹദാരണ്യകം, ഐതരേയം, തൈത്തിരീയം, പ്രശ്നം, കേനം, കഠം, മുണ്ഡകം, മാണ്ഡൂക്യം, കൗഷീതകി, മൈത്രി, ശ്വേതാശ്വതരം എന്നിങ്ങനെ പതിമൂന്ന് ഉപനിഷത്തുക്കളാണ്. പിന്നീടുണ്ടായ മിക്ക തത്വശാസ്ത്രങ്ങളുടെയും ബീജങ്ങൾ ഇവയിൽ കാണാം.

എല്ലാ ഉപനിഷത്തുക്കളും ഒരേകാലത്തു രചിക്കപ്പെട്ടവയല്ല. മുഖ്യമായവ ക്രി. മു. ഒമ്പതാം നൂറ്റാണ്ടിനും ആറാം നൂറ്റാണ്ടിനുമിടയിലാണ് രചിക്കപ്പെട്ടത് എന്ന് പണ്ഡിതന്മാർ പറയുന്നു. ഒരേ ഉപനിഷത്തിൽത്തന്നെ വ്യത്യസ്ത ചിന്തകരുടെ ആശയങ്ങൾ — ഐകരൂപ്യമില്ലാത്തവയും ചിലപ്പോൾ പരസ്പര വിരുദ്ധങ്ങൾ തന്നെയുമായ ആശയങ്ങൾ — സമാഹരിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ടു തന്നെയാണ് പിൽക്കാലത്തെ വ്യത്യസ്താഭിപ്രായക്കാരായ തത്വജ്ഞാനികൾ താന്താങ്ങളുടെ അഭിപ്രായങ്ങൾക്ക് ഉപനിഷത്തുക്കളുടെ പിൻബലമുണ്ടെന്ന് അവകാശപ്പെട്ടത്.

ഉപനിഷത്തുക്കൾ അന്ധവിശ്വാസങ്ങളോടും മതച്ചടങ്ങുകളോടുമുള്ള ബൗദ്ധികമായ പ്രതിഷേധത്തെയാണ് പ്രതിനിധാനം ചെയ്യുന്നത് എന്നും ഉപനിഷത്തുക്കളുടെ കാലഘട്ടത്തോടുകൂടി യജ്ഞാദികർമ്മങ്ങൾക്ക് സ്ഥാനമില്ലാതായി എന്നും മറ്റും ചില ഗ്രന്ഥകാരന്മാർ അഭിപ്രായപ്പെടുന്നുണ്ട്. പക്ഷേ, ഇത്തരം അഭിപ്രായങ്ങൾ തികച്ചും ശരിയാണെന്ന് തോന്നുന്നില്ല. കാരണം, ജനകനെപ്പോലുള്ള തത്വജ്ഞാനികളായ രാജാക്കന്മാർ പോലും വൈദികയജ്ഞങ്ങൾ നടത്താൻ പുരോഹിതന്മാരെ ഏൽപ്പിക്കുന്നതായി കാണാം. മോക്ഷത്തിനും അനശ്വരതക്കും വിധിപ്രകാരമുള്ള യജ്ഞങ്ങളാണാവശ്യമാണെന്ന വിശ്വാസം നിലനിന്നുപോന്നു. മുണ്ഡകോപനിഷത്തിൽ ഇങ്ങനെ പറയുന്നു:

> “അഗ്നിഹോത്രയജ്ഞത്തിന്റെ തുടർച്ചയായി അമാവാസിക്കും പൗർണ്ണമിക്കും യാഗം നടത്താത്തവൻ, നാലുമാസം യാഗം നടത്താത്തവൻ, (കൊയ്ത്തുകാലത്തെ) ആചാരവിധികൾ അനുഷ്ഠിക്കാത്തവൻ, അതിഥികളില്ലാത്തവൻ, കർമ്മങ്ങൾ ചെയ്യാത്തവൻ, എല്ലാ ദൈവങ്ങൾക്കും ഉപചാരങ്ങളർപ്പിക്കാത്തവൻ — ഇത്തരത്തിലുള്ളവൻ ഏഴാമത്തെ ലോകംവരെ നാശമുണ്ടാക്കുന്നവനാണ്”. [1]

ഉപനിഷത്തുക്കളുടെ ആവിർഭാവത്തിനുശേഷവും വിധിപ്രകാരമുള്ള മതച്ചടങ്ങുകളും യജ്ഞാദികർമ്മങ്ങളും നിലനിന്നുപോന്നു എന്നാണിതു കാണിക്കുന്നത്. എന്നല്ല, ശരിക്കുപറഞ്ഞാൽ, ഗഹനങ്ങളായ തത്വചിന്തകൾ പുഷ്ടിപ്പെട്ടുവന്നതോടൊപ്പം തന്നെ യജ്ഞകർമ്മാദികളിലടിയുറച്ച ബ്രാഹ്മണമതവും ശക്തിപ്പെട്ടു. എന്നിരിക്കിലും, മൊത്തത്തിൽ നോക്കിയാൽ, ഉപനിഷത്തുകളിൽ കർമ്മത്തെക്കാളധികം ജ്ഞാനത്തിനാണ് പ്രാധാന്യം. മുണ്ഡകോപനിഷത്തിൽ തന്നെ രണ്ടുതരം ജ്ഞാനങ്ങളെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. പരവും അപരവും. അതായത്, ഉയർന്ന നിലവാരത്തിലുള്ള ജ്ഞാനവും താഴ്ന്ന നിലവാരത്തിലുള്ള ജ്ഞാനവും. പരമമമായ സത്യത്തെ സംബന്ധിക്കുന്ന ജ്ഞാനമാണ് ഉയർന്നത്; വൈദിക ച്ചടങ്ങുകളെ സംബന്ധിച്ചുള്ള ജ്ഞാനം താഴ്ന്ന പടിയിലുള്ളതും.

---

1. മുണ്ഡകോപനിഷത്ത് 1, 2, 3.

## 2 പതറാത്ത സത്യാന്വേഷണം

ഐഹികസത്യങ്ങൾക്കപ്പുറത്തുള്ള പരമസത്യത്തെയാണ് ഉപനിഷത്തുകളിലെ ചിന്തകന്മാർ അന്വേഷിച്ചത്. അവർ പ്രപഞ്ചത്തിന്റെ ഉൽപ്പത്തിയെപ്പറ്റിയും ജീവിതത്തിന്റെ ചഞ്ചലതയെപ്പറ്റിയും മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള ബന്ധത്തെപ്പറ്റിയും ഇവയ്ക്കെല്ലാമടിയിലുള്ള നിഗൂഢപ്രതിഭാസങ്ങളെപ്പറ്റിയുമെല്ലാം ഗാഢമായി ചിന്തിക്കുകയും പലതരത്തിലുള്ള അനുമാനങ്ങളിലെത്തിച്ചേരുകയും ചെയ്തു. അവരുടെ ബൗദ്ധികമായ ധീരതയുടെയും പതറാത്ത സത്യാന്വേഷണതല്പരതയുടെയും ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവും കണ്ടെത്താനുള്ള അദമ്യമായ അഭിനിവേശത്തിന്റെയും തെളിവുകൾ ഉപനിഷത്തുകളിൽ ഉടനീളം കാണാം.

കോനോപനിഷത്ത് തുടങ്ങുന്നതിങ്ങനെയാണ്:

> “മനസ്സ് വസ്തുക്കളിൽ ചെന്നുപതിക്കുന്നത് ആരുടെ ഇച്ഛയാലാണ്? ആരുടെ നിർദ്ദേശമനുസരിച്ചാണ്? ആദ്യത്തെ ജീവൻ ചലിക്കുന്നത് ആരുടെ കല്പനയാലാണ്? ആരുടെ ഇച്ഛയാലാണ് (ജനങ്ങൾ) ഈ വാക്കുകളുച്ചരിക്കുന്നത്? ഏതു ദേവനാണ് കണ്ണും ചെവിയും പ്രവർത്തനക്ഷമങ്ങളാക്കുന്നത്?” [2]

ഇതേതരത്തിലുള്ള ചോദ്യത്തോടുകൂടിയാണ് ശ്വേതാശ്വരോപനിഷത്തും ആരംഭിക്കുന്നത്.

“... നാം എവിടെ നിന്നു ജനിച്ചു? എന്തിനെ ആശ്രയിച്ചു ജീവിക്കുന്നു? എന്തിന്മേലാണ് നാം പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളത്?... സുഖത്തിലായാലും ദുഃഖത്തിലായാലും നാമിവിടെ ജീവിക്കുന്നത് ആരെ ആശ്രയിച്ചാണ്?” [3]

പ്രശ്നോപനിഷത്തിൽ കാത്യന്റെ മകനായ കബന്ധി ആചാര്യനായ പിപ്പലാദനോടു ചോദിക്കുന്നു:

> “ഭഗവൻ! സ്ഥാവരജംഗമ രൂപങ്ങളായ ഈ പ്രജകളെല്ലാം എവിടെനിന്നാണ് ഉത്ഭവിച്ചത്?” [4]

ബൃഹദാരണ്യകോപനിഷത്തിൽ അജാതശത്രു ഗാർഗ്യനോടു ചോദിക്കുന്നു: “ഉറങ്ങിക്കിടക്കുകയായിരുന്നപ്പോൾ ഈ മനുഷ്യന്റെ ബുദ്ധി എവിടെയായിരുന്നു? എവിടെനിന്നാണ് അതു മടങ്ങിവന്നത്?” [5] ഈ ചോദ്യത്തിനു മറുപടി പറയാൻ ഗാർഗ്യനു കഴിഞ്ഞില്ല.

---

2. കേനേഷിതം പതതി പ്രേഷിതം മനഃ കേന പ്രാണഃ പ്രഥമഃ പ്രൈതി യുക്തഃ
കേനേഷിതാം വാചമിമാം വദന്തി ചക്ഷുഃ ശ്രോത്രം ക ഉ ദേവോ യുനക്തി.
— (കേനോപനിഷത്ത്) 1, 1.
3. ... കുതഃ സ്മജാതാ, ജീവാമ കേന, ക്വ ച സംപ്രതിഷ്ഠാഃ
അധിസ്ഥിതാഃ കേന സുഖേതരേഷു വർതാമഹേ...
— (ശ്വേതാശ്വതരോപനിഷത്ത് 1.1)
4. ഭഗവൻ! കുതോ ഹ വാ ഇമാഃ പ്രജാഃ പ്രജായന്തേ? (പ്രശ്നോപനിഷത്ത്. 1. 3.)
5. സ ഹോവാചാജാതശത്രുർയ്യത്രൈഷ ഏതത് സുപ്തോഭൂദ്യ ഏഷ വിജ്ഞാനമയഃ പുരുഷഃ
ക്വൈഷ തദാഭൂത് കുത ഏതദാഗാദിതി തദുഹ ന മേനേ ഗാർഗ്യഃ
— (ബൃഹദാരണ്യകോപനിഷത്തത് 2.1 16)

# 3 മൂലകാരണമെന്ത്?

ഉപനിഷത്തുകളിലെ ആചാര്യന്മാർ ഇങ്ങനെ പല ചോദ്യങ്ങളും ചോദിച്ചു. എല്ലാറ്റിന്റെയും മൂലകാരണമാരായാൻ ശ്രമിച്ചു. പക്ഷേ, എല്ലാവരും ഒരേ തരത്തിലല്ല ചിന്തിച്ചത്. അതുകൊണ്ട് ചോദ്യങ്ങൾക്കുള്ള മറുപടികളും വ്യത്യസ്തങ്ങളായിരുന്നു. തത്വജ്ഞാനികൾക്കിടയിൽ ദ്വൈതവാദികളും അദ്വൈതവാദികളുമുണ്ടായിരുന്നു; ഭൗതികവാദികളും ആത്മീയവാദികളുമുണ്ടായിരുന്നു. സത്ത് അസത്തിൽ നിന്നാണ് ഉത്ഭവിച്ചത് എന്നു ചിലർ പ്രസ്താവിച്ചപ്പോൾ മറ്റു ചിലർ എല്ലാറ്റിന്റെയും ഉറവിടം സത്താണെന്നു വാദിച്ചു. ദൃശ്യപ്രപഞ്ചത്തിനപ്പുറത്ത് ദിവ്യമായ ഒരു ശക്തിയുണ്ടെന്ന് ചിലർ വാദിച്ചപ്പോൾ അങ്ങനെ ബാഹ്യമായ, പ്രപഞ്ചത്തിനതീതമായ, യാതൊരു ശക്തിയുമില്ലെന്ന് മറ്റുചിലർ ഉറപ്പിച്ചുപറഞ്ഞു. ഭൗതികശക്തികളെല്ലാം തന്നെ അദ്ധ്യാത്മികവും ആധിഭൗതികവുമായ ശക്തികളെ ആശ്രയിച്ചാണ് നിലനിൽക്കുന്നത് എന്ന് ചിലർ വാദിച്ചപ്പോൾ ആത്മീയശക്തികൾ ഭൗതികശക്തികളെ ആശ്രയിച്ചാണ് നിലകൊള്ളുന്നത് എന്ന് മറ്റുചിലർ അഭിപ്രായപ്പെട്ടു.

ഒരു സത്യം എല്ലാ തത്വജ്ഞാനികളെയും ഒരുപോലെ ആകർഷിച്ചു: പ്രകൃതിയും പ്രപഞ്ചവും മനുഷ്യനുമെല്ലാം ഇടവിടാതെ മാറിക്കൊണ്ടിരിക്കുന്നു. കൺമുന്നിലുള്ള ചിലത് പെട്ടെന്ന് കാണാതാവുന്നു; ചിലത് പുതുതായി പ്രത്യക്ഷപ്പെടുന്നു. ലോകം സങ്കീർണ്ണങ്ങളായ സംഭവങ്ങളുടെ ഒരു പരമ്പരയാണ്. കാര്യകാരണങ്ങളാകുന്ന കണ്ണികളുടെ അറ്റമില്ലാത്ത ഒരു ചങ്ങല. പക്ഷേ, എവിടെ നിന്നാണ് തുടക്കം? ഒരു മൂലകാരണമുണ്ടോ? ഉണ്ടെങ്കിൽ അതെന്താണ്? മൂലകാരണത്തെ ചിലർ ബ്രഹ്മം എന്ന രണ്ടക്ഷരങ്ങളിലൊതുക്കി; അനിർവചനീയമായ ബ്രഹ്മം എന്ന സത്യമാണ് പ്രപഞ്ചത്തിന്റെ അടിസ്ഥാനമെന്നു വാദിച്ചു. മറ്റു ചിലരാകട്ടെ, പ്രകൃതിയും പ്രപഞ്ചവുമല്ലാതെ മറ്റൊരു ബ്രഹ്മമില്ലെന്നും സ്ഥാവരജംഗമരൂപങ്ങളായ ചരാചരങ്ങളെല്ലാം ബ്രഹ്മമാണെന്നും വാദിച്ചു. വേറെ ചിലരുടെ അഭിപ്രായത്തിൽ വെള്ളം, വായു, അഗ്നി, ഭൂമി, ആകാശം എന്നീ പഞ്ചഭൂതങ്ങളിൽ നിന്നാണ് സർവചരാചരങ്ങളും വികസിച്ചുണ്ടായത്. ലോകോൽപ്പത്തിയിലാകട്ടെ, ലോകത്തിന്റെ പരിണാമക്രമത്തിലാകട്ടെ, ലോകത്തിൽ നിന്നു വേറിട്ടു നിൽക്കുന്ന ഒരു സ്രഷ്ടാവിന്റെ ആവശ്യമില്ല. ബൃഹദാരണ്യകോപനിഷത്തിലൊരിടത്ത് ഇങ്ങനെ പറയുന്നു:

> "തുടക്കത്തിൽ ഈ പ്രപഞ്ചം മുഴുവൻ വെള്ളം മാത്രമായിരുന്നു. വെള്ളം സത്യത്തെ (യാഥാർത്ഥ്യത്തെ) സൃഷ്ടിച്ചു. ബ്രഹ്മമാണ് സത്യം. ബ്രഹ്മത്തിൽ നിന്നു പ്രജാപതിയുണ്ടായി. പ്രജാപതിയിൽ നിന്നു ദേവന്മാർ. ദേവന്മാർ സത്യത്തെ ഉപാസിച്ചു..." [6]

ഛാന്ദോഗ്യോപനിഷത്തിൽ പറയുന്നതിങ്ങനെയാണ്:

> "അല്ലയോ സൗമ്യ, ആരംഭത്തിൽ സത് (ഉണ്മ) മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഏകമായ സത്തല്ലാതെ രണ്ടാമതൊന്നുണ്ടായിരുന്നില്ല. ചിലർ പറയുന്നു, ആരംഭത്തിൽ അസത് (ഇല്ലായ്മ) മാത്രമാണുണ്ടായിരുന്നത്, അസത്തല്ലാതെ രണ്ടാമതൊന്നുണ്ടായിരുന്നില്ല എന്ന്. എന്നാൽ, അല്ലയോ സൗമ്യ, ഇതു സാദ്ധ്യമാണോ? അസത്തിൽ നിന്ന് സത്തുണ്ടാകുന്നതെങ്ങനെയാണ്? നേരെമറിച്ച്, അല്ലയോ സൗമ്യ, ആരംഭത്തിൽ സത് മാത്രമാണുണ്ടായിരുന്നത്. ഏകവും അദ്വിതീയവുമായ സത്. അത് ഇച്ഛിച്ചു: 'ഞാൻ അനേകമാകട്ടെ. ഞാൻ വൃദ്ധി പ്രാപിക്കട്ടെ'. അത് അഗ്നിയെ സൃഷ്ടിച്ചു. ആ അഗ്നി ഇച്ഛിച്ചു: 'ഞാൻ അനേകമാകട്ടെ; ഞാൻ വൃദ്ധി പ്രാപിക്കട്ടെ'. അത് വെള്ളത്തെ സൃഷ്ടിച്ചു... ആ വെള്ളം ഇച്ഛിച്ചു: 'ഞാൻ അനേകമാവട്ടെ; ഞാൻ വൃദ്ധി പ്രാപിക്കട്ടെ'. അത് അന്നത്തെ സൃഷ്ടിച്ചു. അതിനാൽ എവിടെ മഴ പെയ്യുന്നുവോ അവിടെ ധാരാളം അന്നമുണ്ടാകുന്നു. അതുകൊണ്ട് ഭക്ഷിക്കാനുള്ള അന്നം വെള്ളത്തിൽ നിന്നു മാത്രമാണുണ്ടാകുന്നത്". [7]

---

6. ആപ ഏവേദമഗ്ര ആസുസ്താ ആപഃ
   സത്യമസൃജന്ത സത്യം ബ്രഹ്മ
   ബ്രഹ്മ പ്രജാപതിം പ്രജാപതിർദേവാംസ്തേ ദേവാഃ
   സത്യമേവോപാസതേ...
   — (ബൃഹദാരണ്യകോപനിഷത്ത്, 5.5. 1).
7. സദേവ സൗമ്യേദമഗ്ര ആസീദേകമേവാദ്വിതീയം.
   തദ്ധൈക ആഹുരസദേവേദമഗ്ര ആസീദേകമേവാദ്വിതീയം
   തസ്മാദസതഃ സജ്ജായത.
   കുതസ്തു ഖലു സോമൈവ്യം സ്യാദിതിഹോവാച കഥമസതഃ
   സജ്ജായേതേതി.
   സത്ത്വേവ സോമ്യേദമഗ്ര ആസീദേകമേ വാദ്വിതീയം.
   തദൈക്ഷത ബഹു സ്യാം പ്രജായേയേതി.
   തത്തോജോഽസൃജത തത്തേ ദജ ഐക്ഷത
   ബഹു സ്യാം പ്രജായേയേതി.
   തദപോഽസൃജത.. താ ആപ ഐക്ഷന്ത, ബഹ്വ്യഃ
   സ്യാമപ്രജായേമഹീതി, താ അന്നം അസൃജന്ത,
   തസ്മാദ് യത്ര ക്വ ച വർഷതി തദേവ ഭൂയിഷ്ഠം അന്നം ഭവതി,
   അദ്ഭ്യ ഏവ തദ് അധി അന്നാദ്യം ജായതേ.
   — (ഛാന്ദോഗ്യോപനിഷത്, 6. 2. 1–3)

# 4 മൃഗത്തിൽ നിന്ന് മനുഷ്യനിലേക്ക്

അന്നത്തിൽ നിന്നാണ് മനുഷ്യനുണ്ടായത്. അന്നമില്ലെങ്കിൽ മനുഷ്യനുമില്ല. അന്നത്തിൽ നിന്നു ജീവനും ജീവനിൽ നിന്ന് മനസ്സുമുണ്ടായി എന്ന് മുണ്ഡകോപനിഷത്ത് പറയുന്നു. തൈത്തരീയോപനിഷത്തിൽ പറയുന്നതിങ്ങനെയാണ്: “ഭൂമിയെ അധിവസിക്കുന്ന എല്ലാ ജീവജാലങ്ങളും അന്നത്തിൽ നിന്നാണുണ്ടായത്. അവ ജീവിച്ചിരിക്കുന്നതും അന്നംകൊണ്ടാണ്. അവസാനം അവ അന്നത്തിലേക്കു തന്നെ പോകുന്നു”. [8] ബൃഹദാരണ്യകോപനിഷത്തിൽ വിവരിക്കപ്പെട്ടിട്ടുള്ള സൃഷ്ടിക്രമത്തിൽ അന്നവും വെള്ളവും അഗ്നിയും മനുഷ്യന്റെ ഘടനയെയാകെ രൂപപ്പെടുത്തിയതെങ്ങനെയെന്ന് വ്യക്തമാക്കുന്നു:

> “ഭക്ഷിക്കപ്പെടുന്ന അന്നം മൂന്നായി തരംതിരിയുന്നു. അതിന്റെ ഏറ്റവും പരുപരുത്ത ഭാഗം പുരീഷമായിത്തീരുന്നു; മധ്യഭാഗം മാംസമായിത്തീരുന്നു: ഏറ്റവും മൃദുലമായ ഭാഗം മനസ്സായും തീരുന്നു.

“പാനം ചെയ്യപ്പെടുന്ന വെള്ളം മൂന്നായിത്തീരുന്നു. ഏറ്റവും പരുപരുത്ത ഭാഗം മൂത്രമായിത്തീരുന്നു; മധ്യഭാഗം രക്തമായിത്തീരുന്നു. ഏറ്റവും മൃദുലമായ ഭാഗം പ്രാണനായും തീരുന്നു.

“ഭക്ഷിക്കപ്പെടുന്ന തേജസ്സ് അല്ലെങ്കിൽ അഗ്നി മൂന്നായിത്തീരുന്നു; ഏറ്റവും പരുപരുത്ത ഭാഗം അസ്ഥിയായിത്തീരുന്നു; മധ്യഭാഗം മജ്ജയായിത്തീരുന്നു. ഏറ്റവും മൃദുലമായ ഭാഗം വാക്കായിത്തീരുന്നു. (ആരെങ്കിലും അഗ്നി ഭക്ഷിക്കാറുണ്ടോയെന്നാണെങ്കിൽ, ഉണ്ട്. എണ്ണ, വെണ്ണ മുതലായ രൂപത്തിലാണ് അഗ്നി ഭക്ഷിക്കപ്പെടുന്നത് എന്ന് ശങ്കരാചാര്യർ തന്റെ ഭാഷ്യത്തിൽ ചൂണ്ടിക്കാണിക്കുന്നു).

“അതുകൊണ്ട്, അല്ലയോ സൗമ്യ, മനസ്സ് അന്നമയമാണ്; പ്രാണൻ (ശ്വാസം) ജലമയമാണ്; വാക്ക് തേജോമയമാണ്”. [9]

ശരീരം അന്നമയമാണ്. മനുഷ്യനിൽ അന്നത്തിന്റെ സത്താണടങ്ങിയിട്ടുള്ളത്. പക്ഷേ, ഇത് മനുഷ്യനു മാത്രമല്ല, മൃഗങ്ങൾക്കും ബാധകമാണ്. അന്നത്തിന്റെ സത്താണ് മൃഗത്തിലുമടങ്ങിയിട്ടുള്ളത്. മനുഷ്യനിൽ അന്നത്തിന്റെ സത്തുമാത്രമല്ല, പ്രാണനുമുണ്ട്. പ്രാണൻ ഇല്ലാതായാൽ മനുഷ്യൻ ശവമായിത്തീരും. പ്രാണൻ എന്ന വാക്കിന് ആദ്യകാലത്ത് വായു, അല്ലെങ്കിൽ കാറ്റ് എന്നു മാത്രമായിരുന്നു അർത്ഥം. പിന്നീടത് ജീവശ്വാസം അല്ലെങ്കിൽ ജീവൻ എന്ന അർത്ഥത്തിൽ ഉപയോഗിക്കപ്പെടാൻ തുടങ്ങി. ശ്വാസവും കാറ്റും ജീവന്റെ ശക്തികളാണെന്നു വിശ്വസിക്കപ്പെട്ടു. പക്ഷേ, പ്രാണൻ അല്ലെങ്കിൽ ജീവൻ മനുഷ്യന് മാത്രമല്ല, മൃഗത്തിനുമുണ്ട്. അപ്പോൾ പിന്നെ മനുഷ്യനും മൃഗവും തമ്മിൽ വ്യത്യാസമില്ലേ? തീർച്ചയായുമുണ്ട്. മനുഷ്യന് മനസ്സുണ്ട്, ചിന്താശക്തിയുണ്ട്, ബുദ്ധിയുണ്ട്, യുക്തിവിചാരശേഷിയുണ്ട്. ഈ ഗുണവിശേഷങ്ങളാണ് മനുഷ്യന് ഇച്ഛിക്കാനും ചിന്തിക്കാനും ഗുണദോഷവിവേചനം ചെയ്യാനും സുഖദുഃഖങ്ങളനുഭവിക്കാനുമുള്ള കഴിവുകളുണ്ടാക്കുന്നത്. മറ്റൊരുവിധം പറഞ്ഞാൽ, മനുഷ്യന് മനോമയവും വിജ്ഞാനമയവുമായ ആത്മാവുമുണ്ട്. ഇതാണ് മനുഷ്യനെ മൃഗത്തിൽ നിന്നു വേർതിരിക്കുന്നത്. [10]

---

8. “അന്നാദ് വൈ പ്രജാഃ പ്രജായന്തേ യാഃ
   കശ്ച പൃഥിവീം ശ്രിതാഃ,
   അഥോർന്നേനൈവ ജീവന്തി,
   അഥൈനദപി യന്തി അന്തതഃ”
   — (തൈത്തരിയീയോപനിഷത്. 2.2. 1.)
9. അന്നം അശിതം ത്രേധാ വിധീയതേ,
   തസ്യ യഃ സ്ഥവിഷ്ഠോ ധാതുസ്തത് പുരീഷം
   ഭവതി, യോ മധ്യമസ്തൻ മാംസം, യോഽണിഷ്ഠസ്തൻ മനഃ
   ആപഃ പീതാസ്ത്രേധാ വിധീയന്തേ, താസാംയഃ
   സ്ഥവിഷ്ഠോ ധാതുസ്തൻ മൂത്രം ഭവതി
   യോ മധ്യമസ്തല്ലോഹിതം, യോഽണിഷ്ഠഃ സ പ്രാണഃ.
   തേജോശിതം ത്രേധാ വിധീയതേ, തസ്യ യഃ
   സ്ഥവിഷ്ഠോ ധാതുസ്തദസ്ഥി ഭവതി
   യോ മധ്യമഃ സ മജ്ജാ, യോഽണിഷ്ഠഃ സാ വാക്.
   അന്നമയം ഹി സോമ്യ മനഃ, ആപോമയഃ പ്രാണഃ,
   തേജോമയീ വാഗിതി.
   — (ഛാന്ദോഗ്യോപനിഷത്, 6.5. 1–4)
10. തൈത്തിരീയോപനിഷത്ത്, III. 1, 4.1.

## 5 എന്താണ് ആത്മാവ്?

ഛാന്ദോഗ്യോപനിഷത്തിൽ നാരദൻ ജ്ഞാനസമ്പാദ നാർത്ഥം സനത്കുമാരനെ സമീപിച്ച് ഇങ്ങനെ പറയുന്നു:

> "ഭഗവൻ! എനിക്ക് ഋഗ്വേദവും യജുർവേദവും സാമ വേദവും നാലാമത്തേതായ അഥർവവേദവും അഞ്ചാ മത്തേതായ ഇതിഹാസപുരാണങ്ങളും അറിയാം. വേ ദങ്ങളുടെ വേദമായ വ്യാകരണവും പിതാക്കന്മാർക്കു വേണ്ടിയുള്ള കർമ്മങ്ങളും ഗണിതവും ലക്ഷണശാസ്ത്ര വും കാലഗണനാശാസ്ത്രവും തർക്കവും ഏകയാനവും ദേവവിദ്യയും ബ്രഹ്മവിദ്യയും ഭൂതവിദ്യയും ക്ഷാത്രവി ദ്യയും നക്ഷത്രശാസ്ത്രവും സർപ്പവിദ്യയും കലാവിദ്യ യും എല്ലാം എനിക്കറിയാം. പക്ഷേ, ഭഗവൻ, ഇതെ ല്ലാം മന്ത്രങ്ങളെപ്പോലെ ഉച്ചരിക്കാനേ എനിക്കറി യൂ. ആത്മാവിനെപ്പറ്റി എനിക്കൊന്നുമറിഞ്ഞുകൂടാ. ആത്മജ്ഞാനികൾക്ക് ദുഃഖങ്ങളെ തരണം ചെയ്യാൻ കഴിയുമെന്ന് ഞാൻ അങ്ങയെപ്പോലുള്ളവരിൽ നിന്ന് കേട്ടിട്ടുണ്ട്. ഭഗവൻ! ഞാൻ ദുഃഖിതനാണ്. ദുഃഖങ്ങളെ തരണം ചെയ്യാൻ എന്നെ സഹായിച്ചാലും". [11]

നാരദന് എല്ലാമറിയാം. തന്നെപ്പറ്റി മാത്രം ഒന്നും അറി ഞ്ഞുകൂടാ. എല്ലാ ജ്ഞാനവുമുണ്ട്. ദുഃഖങ്ങളെ തരണം ചെയ്യാൻ അത്യാവശ്യമായ ആത്മജ്ഞാനം മാത്രമില്ല. ആത്മാവിനെപ്പറ്റി ഒന്നുമറിയാത്തവന് മറ്റെന്തു ജ്ഞാന മുണ്ടായാലും എന്താണ് പ്രയോജനം?

ആത്മാവ് എന്നുവെച്ചാലെന്താണ്? ഐതരേയോപനി ഷത്ത് ചോദിക്കുന്നു: കാണാനും കേൾക്കാനും മണ മറിയാനും വാക്കുകളുച്ചരിക്കാനും സ്വാദും അസ്വാദും തമ്മിൽ തിരിച്ചറിയാനും സഹായിക്കുന്ന ശക്തിയാ ണോ? [12]

ആദ്യകാലത്ത് വായു, ശ്വാസം എന്നീ അർത്ഥങ്ങളിലാ ണ് ആത്മാവ് എന്ന പദം സങ്കല്പിക്കപ്പെട്ടിരുന്നത്. പി ന്നീടത് പ്രാണൻ, പ്രജ്ഞ എന്നീ അർത്ഥങ്ങളിൽ ഉപ യോഗിക്കപ്പെടാൻ തുടങ്ങി. കൗഷീതകി ബ്രാഹ്മണോപ നിഷത്ത് പറയുന്നു:

> "മനുഷ്യന് വാക്കുകളുച്ചരിക്കാൻ കഴിയില്ലെങ്കിലും ജീ വിക്കാൻ സാധിക്കും; മൂകന്മാരെ നിങ്ങൾ കാണാറുണ്ട ല്ലോ. കണ്ണില്ലെങ്കിലും ജീവിക്കുന്നു; അന്ധന്മാരെ കാ ണാറുണ്ടല്ലോ. ചെവിയില്ലെങ്കിലും ജീവിക്കുന്നു; ബധി രന്മാരെ കാണാറുണ്ടല്ലോ. മനസ്സില്ലെങ്കിലും ജീവിക്കു ന്നു; ശിശുക്കളെ കാണാറുണ്ടല്ലോ. കൈകളും കാലുക ളുമില്ലെങ്കിലും ജീവിക്കുന്നു; കൈകാലുകളില്ലാത്തവരെ കാണാറുണ്ടല്ലോ. പ്രാണനാണ് ശരീരത്തെ പിടിച്ചെഴു ന്നേൽപ്പിച്ച ചലിപ്പിക്കുന്നത്... പ്രാണൻ തന്നെയാണ് പ്രജ്ഞ". [13]

കാലക്രമത്തിൽ ആത്മാവ് കൂടുതൽ ഗഹനമായ ഒരു സങ്കല്പത്തെ കുറിക്കാൻ തുടങ്ങി. അത് ശരീരത്തിൽ നി ന്നും മനസ്സിന്റെ വ്യത്യസ്തങ്ങളായ പ്രതിഭാസങ്ങളിൽ നി ന്നും സ്വതന്ത്രമായി നിലനിൽക്കുന്ന ഒരു കേവലശക്തി യായി മാറി.

സാധാരണ സംഭാഷണങ്ങളിൽ "ഞാൻ പോകുന്നു," "എന്റെ പുസ്തകം" എന്നൊക്കെ പറയാറുണ്ട്. "ഞാൻ" എന്നാലെന്താണ്? കൈയാണോ? കാലാണോ? ചെ വിയാണോ? ബുദ്ധിയാണോ? ഒന്നുമല്ല. എന്തെന്നാൽ, കൈയും കാലും ചെവിയും ബുദ്ധിയും എല്ലാം നഷ്ടപ്പെട്ടാ ലും ഞാൻ ബാക്കിയാണ്. ശരീരത്തിന്റെ വിഭിന്നാവയ വങ്ങളോ ശരീരമാകെത്തന്നെയോ "ഞാനാ"വാൻ തര മില്ല. ശരീരം നശിച്ചാലും ഞാൻ തുടർന്നു നിലനിൽക്കു ന്നു. തുടർന്നു നിലനിൽക്കുന്ന ഈ സത്യമാണ് "ഞാൻ" അല്ലെങ്കിൽ ആത്മാവ്.

---

11. ഛാന്ദോഗ്യോപനിഷത്ത്, VII. 1, 1–3.
12. ഐതരേയോപനിഷത്ത്, 3.1, 1.
13. കൗഷീതകി ബ്രാഹ്മണോപനിഷത്ത് 3.3.

## 6 കഠോപനിഷത്തു പറയുന്നു:

“ഇന്ദ്രിയങ്ങൾക്കപ്പുറത്തു മനസ്സ്, മനസ്സിന്നപ്പുറത്ത് വിശേഷബുദ്ധി, വിശേഷബുദ്ധിക്കപ്പുറത്ത് മഹത്തായ ആത്മാവ്, ആത്മാവിന്നപ്പുറത്ത് മഹത്തായ അവ്യക്തം. അവ്യക്തത്തിന്നപ്പുറത്ത് വ്യാപകവും അലിംഗവുമായ പുരുഷൻ. അതു മനസ്സിലാക്കിയാൽ മോക്ഷവും അമരത്വവും ലഭിക്കും”. [14]

അതേ ഉപനിഷത്തു തന്നെ ഒരു ഉപമാനത്തിന്റെ സഹായത്തോടുകൂടി ആത്മാവിന് ബുദ്ധി, മനസ്സ്, പഞ്ചേന്ദ്രിയങ്ങൾ എന്നിവയുമായുള്ള ബന്ധമെന്തെന്നു വ്യക്തമാക്കുന്നു:

> “ആത്മാവിനെ രഥത്തിന്റെ നാഥനായും ശരീരത്തെ രഥമായും ബുദ്ധിയെ സാരഥിയായും മനസ്സിനെ കടിഞ്ഞാണായും ഇന്ദ്രിയങ്ങളെ കുതിരകളായും വിഷയങ്ങളെ ഗോചരങ്ങളായ മാർഗ്ഗങ്ങളായും സങ്കല്പിക്കുക. ഇന്ദ്രിയമനോയുക്തമായ ആത്മാവിനെയാണ് മനീഷികൾ ഭോക്താവെന്നു വിളിക്കുന്നത്”. [15]

അപ്പോൾ, ആത്മാവ് ശരീരത്തിൽ നിന്നും ബുദ്ധിയിൽ നിന്നും വിഭിന്നമാണ്. മനസ്സും ഇന്ദ്രിയങ്ങളും ആത്മാവിന്റെ ഉപകരണങ്ങൾ മാത്രമാണ്; അതിന്റെ അവിഭാജ്യഘടകങ്ങളല്ല. ഇന്ദ്രിയങ്ങളുടെ സഹായത്തോടുകൂടിയാണ് ആത്മാവ് കാണുകയും കേൾക്കുകയും രുചിക്കുകയും ചിന്തിക്കുകയും എല്ലാം ചെയ്യുന്നത്. അവയില്ലെങ്കിൽ ആത്മാവിന് നിയന്ത്രണാധികാരിയോ ഭോക്താവോ ആവാൻ സാധിക്കില്ല.

ഉണർന്നിരിക്കുമ്പോഴും ഉറങ്ങിക്കിടക്കുമ്പോഴും മനുഷ്യനിലുണ്ടാകുന്ന അവസ്ഥാഭേദങ്ങളെ വിശകലനം ചെയ്തുകൊണ്ടാണ് ഉപനിഷത്തുകളിലെ ചില ചിന്തകന്മാർ ആത്മാവിന്റെ സ്വഭാവം കണ്ടുപിടിക്കാൻ ശ്രമിക്കുന്നത്. ഉണർന്നിരിക്കുമ്പോഴുള്ള ബോധാവസ്ഥ, ഉറങ്ങിക്കിടക്കുമ്പോഴുള്ള സ്വപ്നാവസ്ഥ, ഗാഢനിദ്ര അല്ലെങ്കിൽ സുഷുപ്തി, തുരീയം അല്ലെങ്കിൽ നിർവാണാവസ്ഥ എന്നിങ്ങനെയുള്ള നാലു വ്യത്യസ്തഘട്ടങ്ങളെ അവർ വേർതിരിച്ചു കാണുന്നു. ഉണർന്നിരിക്കുമ്പോൾ പഞ്ചേന്ദ്രിയങ്ങളും മനസ്സും എല്ലാം കർമ്മനിരതങ്ങളാണ്. സ്വപ്നാവസ്ഥയിൽ മനസ്സ് മാത്രമേ പ്രവർത്തിക്കുന്നുള്ളു; ഇന്ദ്രിയങ്ങൾ വിശ്രമത്തിലാണ്. ഗാഢനിദ്രയിൽ സ്വപ്നം പോലുമില്ല. മനസ്സു പ്രവർത്തിക്കുന്നില്ല. തുരീയത്തിൽ, അല്ലെങ്കിൽ നിർവാണാവസ്ഥയിൽ, ശരീരത്തിന്റെയും ഇന്ദ്രിയങ്ങളുടെയും എല്ലാത്തരം പ്രവർത്തനങ്ങളും നിലയ്ക്കുന്നു. ഈ നിശ്ചലാവസ്ഥയിലും ജീവചൈതന്യം നിലനിൽക്കുന്നു. ഇതുതന്നെയാണ് ആത്മാവിന്റെ സ്ഥിതിയും പക്ഷേ, എന്താണീ ആത്മാവ്?

---

14. ഇന്ദ്രിയേഭ്യഃ പരം മനോ മനസസ്സത്വം ഉത്തമം
സത്വാദ് അധി മഹാൻ ആത്മാ, മഹതോഽവ്യക്തം ഉത്തമം.
അവ്യക്താത് തു പരഃ പുരുഷോ വ്യാപകോലിംഗ ഏവ ച
യം ജ്ഞാത്വാ മുച്യതേ ജന്തുർ അമൃതത്വം ച ഗച്ഛതി
— (കഠോപനിഷത്ത് 3.3. 7–8)

15. കഠോപനിഷത്ത്, 6.3. 3–4.

## 7 ഏകത്വവും നാനാത്വവും

ബൃഹദാരണ്യകോപനിഷത്തിൽ ജനകൻ യാജ്ഞവൽക്യനോടു ചോദിക്കുന്നു:

> "സൂര്യൻ അസ്തമിക്കുമ്പോൾ, ചന്ദ്രൻ അസ്തമിക്കുമ്പോൾ, തീ കെടുമ്പോൾ, വാക്കുകളില്ലാതാവുമ്പോൾ, മനുഷ്യന് എന്തു വെളിച്ചമാണ് ലഭിക്കുന്നത്?"

ഉത്തരം:

> "ആത്മാവ് തന്നെയാണ് അവന്റെ വെളിച്ചം. എന്തെന്നാൽ, ആത്മാവിന്റെ പ്രകാശം കൊണ്ടാണ് അവൻ ഇരിക്കുകയും നടക്കുകയും പ്രവർത്തിക്കുകയും മടങ്ങിവരികയും ചെയ്യുന്നത്". [16]

എന്നാൽ ആത്മാവ് ഭൗതികഘടകങ്ങളിൽ നിന്നുത്ഭവിച്ചതാണെന്നും മനുഷ്യന്റെ മരണത്തോടുകൂടി അത് അവയിലേക്ക് തന്നെ മടങ്ങുന്നുവെന്നും യാജ്ഞവൽക്യൻ തന്നെ തന്റെ പത്നിയായ മൈത്രേയിക്ക് ഉപദേശിച്ചുകൊടുക്കുന്നു:

> "ഒരു പിടി ഉപ്പ് വെള്ളത്തിലിട്ടാൽ അത് ആ വെള്ളത്തിലലിഞ്ഞുചേരുന്നു. അതിനെ പിന്നെ കൈകൊണ്ടു പിടിച്ചെടുക്കാൻ കഴിയില്ല. പക്ഷേ, ആ വെള്ളത്തിന്റെ ഏതു ഭാഗമെടുത്തു പരിശോധിച്ചാലും ഉപ്പുരസമുള്ളതായി കാണാം. അതുപോലെ തന്നെ ഇത് അനന്തവും അപാരവും ജ്ഞാനമയവുമായ ഭൗതികഘടകങ്ങളാണ്. ഇത് ഭൗതികഘടകങ്ങളിൽ നിന്നുത്ഭവിച്ച് അവയിൽത്തന്നെ അന്തർദ്ധാനം ചെയ്യുന്നു. ഇതു വേറിട്ടു പോയാൽ പിന്നെ പ്രജ്ഞയില്ല". [17]

ഈ വിശദീകരണം കേട്ട് മൈത്രേയി അന്ധാളിച്ചുപോയി. ഇതു വേറിട്ടുപോയാൽ പിന്നെ പ്രജ്ഞയില്ല എന്നു പറഞ്ഞാൽ എന്താണർത്ഥം? തനിക്കതു മനസ്സിലാവുന്നില്ലെന്ന് മൈത്രേയി തുറന്നു സമ്മതിച്ചു.

യാജ്ഞവൽക്യൻ പറഞ്ഞു: "ഇത്ര അന്ധാളിക്കാൻ ഞാനൊന്നും പറഞ്ഞില്ലല്ലോ. ജ്ഞാനമുണ്ടാവാൻ ഇത്ര മാത്രം മനസ്സിലാക്കിയാൽ മതി". [18]

പക്ഷേ, മൈത്രേയി തൃപ്തിപ്പെടുന്നില്ല. ഒടുവിൽ ആത്മാവെന്താണെന്നു വിശദീകരിക്കാൻ വേണ്ടി അതിന്റെ അനശ്വരതയെപ്പറ്റിയും ശാശ്വതത്വത്തെപ്പറ്റിയുമെല്ലാം യാജ്ഞവൽക്യൻ വിവരിച്ചുകൊടുക്കുന്നു.

"ഓരോ വ്യക്തിയുടെയും ശാരീരികവും മാനസികവുമായ പ്രവർത്തനങ്ങളിൽ ആത്മാവ് നിലനിൽക്കുന്നുണ്ട്. അത് സ്ത്രീയുമല്ല, പുരുഷനുമല്ല, നപുംസകവുമല്ല. അത് ഏതു ശരീരത്തെ കൈക്കൊള്ളുന്നുവോ ആ ശരീരത്തിൽ നിലനിൽക്കുന്നു… സ്വന്തം പ്രവർത്തനങ്ങൾക്കനുസരിച്ച് വ്യത്യസ്ത പരിതസ്ഥിതികളിൽ വ്യത്യസ്തരൂപങ്ങൾ കൈക്കൊള്ളുന്നു. [19]

പക്ഷേ, ആത്മാവ് ശരീരസ്ഥമാണെങ്കിൽ ഒരു വ്യക്തിയുടെ ആത്മാവ് മറ്റൊരു വ്യക്തിയുടെ ആത്മാവിൽ നിന്നു വ്യത്യസ്തമായിരിക്കും. മറ്റൊരുവിധം പറഞ്ഞാൽ, ആത്മാവിനു ശാരീരികവും മാനസികവുമായ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിശേഷസ്വഭാവമേയുള്ളു, സാമാന്യസ്വഭാവമില്ല. അത് ഏകത്വത്തിലല്ല, വൈവിധ്യത്തിലാണ് അധിഷ്ഠിതമായിരിക്കുന്നത്. എന്റെ ആത്മാവും നിന്റെ ആത്മാവും അവന്റെ ആത്മാവും എല്ലാം വ്യത്യസ്തങ്ങളാണ്. ഇവിടെ വിഷയിയും വിഷയവും വിഭിന്നങ്ങളാണ്. വിഷയിയിലെ ആത്മാവും വിഷയത്തിലെ ആത്മാവും വേറിട്ടുനിൽക്കുന്നു. ഈ ദ്വൈതഭാവം ആത്മാവിന്റെ അന്യതാബോധത്തെ അവസാനിപ്പിക്കുന്നില്ല. മനുഷ്യനും മനുഷ്യനും തമ്മിലുള്ള അകൽച്ചയെ ഇല്ലാതാക്കുന്നില്ല. വ്യക്തി അസ്തിത്വത്തിന്റെ സമഗ്രതയുടെ അവിഭാജ്യഘടകമായിത്തീരുന്നില്ല. അതുകൊണ്ട് ആത്മാവിനെപ്പറ്റിയുള്ള ഈ വിശകലനം മനുഷ്യന്റെ ആന്തരികമായ വൈരുദ്ധ്യങ്ങൾക്കും സംഘട്ടനങ്ങൾക്കും പരിഹാരമാകുന്നില്ല.

എന്താണ് പരിഹാരമാർഗ്ഗം? യഥാർത്ഥമായ ആത്മാവ് മുകളിൽ വിവരിച്ചതൊന്നുമല്ല, മറ്റെന്തോ ആണ് എന്നു വരുമോ? "ദുഃഖങ്ങളെ തരണം ചെയ്യാനും അമരത്വം നേടാനും" സഹായിക്കുന്ന ആത്മജ്ഞാനമെന്താണ്?

ബൃഹദാരണ്യകോപനിഷത്തിൽ മൈത്രേയി തന്റെ പതിദേവനായ യാജ്ഞവൽക്യനോട് അമരത്വം നേടാനുള്ള വഴിയെന്തെന്ന് ചോദിക്കുന്നു. വ്യക്തിയുടെ ആത്മാവും പ്രപഞ്ചത്തിന്റെ ആത്മാവും തമ്മിലുള്ള ദ്വൈതഭാവം അവസാനിപ്പിക്കുകയല്ലാതെ മറ്റു യാതൊരു വഴിയുമില്ല എന്നത്രേ യാജ്ഞവൽക്യന്റെ മറുപടി.

ആത്മാവ് വ്യക്തിനിഷ്ഠമാണെന്നു കരുതുന്നവർ മറ്റെല്ലാവരെയും അന്യന്മാരായി കാണുന്നു. അവൻ വിഷയിയും വിഷയവും തമ്മിലുള്ള — ജ്ഞാനേച്ഛുവും ജ്ഞാനവിഷയവും തമ്മിലുള്ള — ദ്വൈതഭാവത്തിന്റെ അടിമയായിത്തീരുന്നു. "ദ്വൈതഭാവമുള്ളേടത്ത് ഒരുത്തൻ മറ്റൊരുത്തനെ കാണുന്നു, ഒരുത്തൻ മറ്റൊരുത്തൻ പറയുന്നതു കേൾക്കുന്നു, ഒരുത്തൻ മറ്റൊരുത്തനെ ഘ്രാണിക്കുന്നു, ഒരുത്തൻ മറ്റൊരുത്തനോടു സംസാരിക്കുന്നു, ഒരുത്തൻ മറ്റൊരുത്തനെപ്പറ്റി ചിന്തിക്കുന്നു, ഒരുത്തൻ മറ്റൊരുത്തനെ മനസ്സിലാക്കുന്നു". [20] എല്ലാം ഒന്നാണെന്നു കണ്ടാൽ, എല്ലാ ഒരേ ആത്മാവു തന്നെയാണെന്നു മനസ്സിലായാൽ, പിന്നെ ദ്വൈതഭാവമില്ല; ഒരുത്തനും മറ്റൊരുത്തനുമില്ല. ഞാനും നീയും തമ്മിൽ വ്യത്യാസമില്ല. വ്യക്തിയുടെ ആത്മബോധവും വിഷയത്തെക്കുറിച്ചുള്ള ബോധവും ഒന്നായിത്തീരും. ഒരു പിടി ഉപ്പ് വെള്ളത്തിലിട്ടാൽ അതിന്റെ ഉപ്പുരസം ഓരോ തുള്ളി വെള്ളത്തിലും വ്യാപിക്കുന്നതുപോലെ ആത്മാവ് പ്രപഞ്ചത്തിലുള്ള എല്ലാ വസ്തുക്കളിലും അന്തർലയിച്ചുകിടക്കുന്നു. വിഷയിയിലെന്നപോലെ തന്നെ വിഷയത്തിലും ആത്മാവു കുടികൊള്ളുന്നു. അതെല്ലാറ്റിലുമുണ്ട്. എന്നിലും നിന്നിലും അവനിലും എല്ലാം ഒരേ ആത്മാവാണ് സ്ഥിതിചെയ്യുന്നത്. "ഒരേ തീ ലോകത്തിൽ പ്രവേശിച്ചതിനുശേഷം കത്തിക്കപ്പെടുന്ന വസ്തുക്കൾക്കനുസരിച്ച് വ്യത്യസ്തരൂപങ്ങൾ കൈക്കൊള്ളുന്നതുപോലെ തന്നെ എല്ലാറ്റിലും അന്തർലയിച്ചു കിടക്കുന്ന ഒരേ ആത്മാവ് ഏതിൽ സ്ഥിതിചെയ്യുന്നുവോ അതിനനുസരിച്ച് രൂപം മാറുന്നു. അവയുള്ളിൽ മാത്രമല്ല പുറത്തും അതു സ്ഥിതിചെയ്യുന്നു. [21]

---

16. ബൃഹദാരണ്യകോപനിഷത്ത് IV. 3.6.
17. ടി II. 4, 12.
18. ടി II. 4, 13.
19. ശ്വേതാശ്വതരോപനിഷത്ത്, V. 10, 11.
20. ബൃഹദാരണകോപനിഷത്ത്, II. 4, 14.
21. കഠോപനിഷത്ത് II. 2. 9.

# 8 ആത്മാവും ബ്രഹ്മവും

അപ്പോൾ, ആത്മാവിന് ഒരു ഇരട്ടസ്വഭാവമുണ്ട്. അത് ഒരേ സമയത്തുതന്നെ വ്യക്തിനിഷ്ഠമായ ആത്മാവുമാണ്, വിശ്വത്തിലൊട്ടുക്കും വ്യാപിച്ചു കിടക്കുന്ന സർവാന്തർയാമിയായ ആത്മാവുമാണ്. വ്യക്തിനിഷ്ഠമായ ആത്മാവിന്റെ വീക്ഷണഗതിയിലൂടെ നോക്കുമ്പോൾ എല്ലായിടത്തും വൈവിധ്യവും വ്യത്യാസങ്ങളും ഭിന്നതകളും അന്യവൽക്കരണങ്ങളും കാണപ്പെടുന്നു. എന്റെ ആത്മാവ് നിന്റെ ആത്മാവിൽ നിന്നും അവന്റെ ആത്മാവിൽ നിന്നും ഭിന്നമായി തോന്നുന്നു. മറിച്ച്, സർവാന്തർയാമിയായ വിശ്വാത്മാവിന്റെ ഭാഗത്തുനിന്നു നോക്കുമ്പോൾ വൈവിധ്യങ്ങളും വ്യത്യാസങ്ങളുമില്ല. വിഷയിയും വിഷയവും ഭിന്നങ്ങളല്ല, എല്ലാം ഒന്നാണ്. വ്യക്തി സ്വന്തം ആത്മാവിൽ വിശ്വത്തിന്റെ ആത്മാവിനെ കാണുന്നു. മറ്റെല്ലാവരിലും തന്റെ സ്വന്തം ആത്മാവിനെ കാണുന്നു. [22] ആത്മാവ് സമഗ്രവും പൂർണ്ണവുമായ യാഥാർത്ഥ്യവുമായി താദാത്മ്യം പ്രാപിക്കുന്നു. കാരണം അതു തന്നെയാണ് സമഗ്രവും പൂർണ്ണവുമായ യാഥാർത്ഥ്യം. “അതു തന്നെയാണ് അജരവും അമരവും അമൃതവും അക്ഷയവും അഭയവുമായ ബ്രഹ്മം. ഇതു മനസ്സിലാക്കുന്നവൻ അഭയമായ ബ്രഹ്മമായിത്തീരുന്നു. [23]

ആത്മാവ്, ബ്രഹ്മം എന്നീ സങ്കീർണ്ണങ്ങളും ചിലപ്പോൾ പരസ്പരവിരുദ്ധങ്ങളായി തോന്നുന്നവയുമായ രണ്ടു സങ്കല്പങ്ങളാണ് ഉപനിഷത്തുകളിലെ മുഖ്യമായ ഉള്ളടക്കം. ആത്മാവ് ആന്തരികയാഥാർത്ഥ്യത്തിന്റെ സത്തായും ബ്രഹ്മം ബാഹ്യയാഥാർത്ഥ്യത്തിന്റെ സത്തായും വ്യാഖ്യാനിക്കപ്പെട്ടു. പ്രപഞ്ചത്തിന്റെ ആത്മാവാണ് ബ്രഹ്മം. അത് ഭൗതികവും മാനസികവും സ്ഥൂലവും സൂക്ഷ്മവുമായ സർവചരാചരങ്ങളിലും സ്ഥിതിചെയ്യുന്നു. തൈത്തരീയോപനിഷത്തിൽ വരുണൻ തന്റെ പുത്രനായ ഭൃഗുവിന് ബ്രഹ്മത്തെപ്പറ്റി ഉപദേശിച്ചു കൊടുക്കുന്നതിങ്ങനെയാണ്: “ഭൗതികപദാർത്ഥമായ അന്നം, പ്രാണൻ, ചക്ഷുസ്സ്, ശ്രോത്രം, മനസ്സ്, വാക്ക് — എല്ലാം ബ്രഹ്മമാണ്, ജീവജാലങ്ങൾ യാതൊന്നിൽ നിന്ന് ഉത്ഭവിക്കുന്നുവോ, ഉത്ഭവിച്ചതിനുശേഷം യാതൊന്നിനെ ആശ്രയിച്ചു സ്ഥിതിചെയ്യുന്നുവോ, അവസാനം യാതൊന്നിലേക്ക് തിരിച്ചുപോകുന്നുവോ, അതിനെ അറിയാൻ ശ്രമിക്കുക, അതാണ് ബ്രഹ്മം”. ബ്രഹ്മം അന്നമയാണ്, പ്രാണമയമാണ്, മനോമയമാണ്, വിജ്ഞാനമയമാണ്, ആനന്ദമയമാണ് — ഇങ്ങനെ പടിപടിയായി ബ്രഹ്മത്തെ അപഗ്രഥനം ചെയ്തുകൊണ്ട് ഒടുവിൽ ഭൂമിയിലെ മനുഷ്യനിലും ആകാശത്തിലെ ആദിത്യനിലും സ്ഥിതിചെയ്യുന്നത് ബ്രഹ്മമാണ് എന്ന നിഗമനത്തിലെത്തിച്ചേരുന്നു. [24]

ആത്മാവും ബ്രഹ്മവും തമ്മിലുള്ള ബന്ധം, അതായത് മനുഷ്യനും പ്രപഞ്ചവും തമ്മിൽ — വ്യക്തിയും സമൂഹവും തമ്മിൽ — ഉള്ള യഥാർത്ഥബന്ധം എന്തെന്നു മനസ്സിലാക്കിയാലേ ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവും മനസ്സിലാവുകയുള്ളു എന്ന് ഉപനിഷത്തിലെ ആചാര്യന്മാർ വിശ്വസിച്ചു. നീണ്ടകാലത്തെ പര്യാലോചനകൾക്കുശേഷം ആത്മാവും ബ്രഹ്മവും തമ്മിൽ, ആത്മനിഷ്ഠമായ സത്യവും വസ്തുനിഷ്ഠമായ സത്യവും തമ്മിൽ, വ്യത്യാസമില്ലെന്നും യഥാർത്ഥമായ ആത്മാവ് പ്രപഞ്ചത്തിന്റെ ആത്മാവായ ബ്രഹ്മത്തിൽ നിന്നു ഭിന്നമല്ലെന്നും അവർ കണ്ടുപിടിച്ചു. “ആകാശത്തിനപ്പുറത്ത്, ഏറ്റവും മുകൾത്തട്ടിലുള്ള ലോകങ്ങൾക്കപ്പുറത്ത്, എല്ലാറ്റിനുമുപരിയായി, പ്രകാശിക്കുന്ന ജ്യോതിസ്സ് തന്നെയാണ് ഈ ലോകത്തിലെ മനുഷ്യനുള്ളിലും പ്രകാശിക്കുന്നത്. [25] എന്ന് അവർ പ്രഖ്യാപിച്ചു. മനുഷ്യന്റെ ആത്മാവും പ്രപഞ്ചത്തിന്റെ ചൈതന്യവും ഒന്നാണ്. രണ്ടാണെന്ന ധാരണ അജ്ഞതയുടെ ഫലം മാത്രമാണ്. “ഈ പ്രപഞ്ചത്തിലാകെ ബ്രഹ്മമാണ്. പ്രപഞ്ചത്തിൽ നിന്നാണ് അത് ജനിക്കുന്നത്. പ്രപഞ്ചത്തിലാണതു ശ്വസിക്കുന്നത്. പ്രപഞ്ചത്തിൽതന്നെ അതു ലയിച്ചുചേരുന്നു”. [26] അത് മനോമയമാണ്. പ്രാണനാണതിന്റെ ശരീരം. അത് പ്രകാശരൂപമാണ്. സത്യസങ്കല്പമാണ്. ആകാശമാണ് അതിന്റെ ആത്മാവ്. അത് എല്ലാ കർമ്മങ്ങളെയും ആഗ്രഹങ്ങളെയും ഗന്ധങ്ങളെയും രുചികളെയും ഉൾക്കൊള്ളുന്നു. അതിൽ എല്ലാമടങ്ങിയിരിക്കുന്നു. [27] “ബ്രഹ്മം അനശ്വരമാണ്. മുന്നിലും പിന്നിലും ബ്രഹ്മമാണ്. ഇടതും വലതും ബ്രഹ്മമാണ്. ചുവട്ടിലും മുകളിലും ബ്രഹ്മമാണ്. ലോകം തന്നെയാണ് ബ്രഹ്മം. അതു വരിഷ്ഠമത്രേ”. [28]

അപ്പോൾ, ബ്രഹ്മമെന്നത് പ്രപഞ്ചത്തിന്നതീതമായ ഒരു ശക്തിവിശേഷമല്ല. അത് പ്രപഞ്ചത്തിന്റെ സത്താണ്, പ്രപഞ്ചം തന്നെയാണ്, പ്രപഞ്ചത്തിലെ ഭൗതികവും മാനസികവുമായ, സ്ഥൂലവും സൂക്ഷ്മവുമായ, ഘടകങ്ങളുടെ ആകത്തുകയാണ്. വ്യക്തിനിഷ്ഠമായ ആത്മാവ് അനന്തവും, അപാരവും സർവാന്തര്യാമിയുമായ പരമാത്മാവിന്റെ, അല്ലെങ്കിൽ ബ്രഹ്മത്തിന്റെ, ഒരവിഭാജ്യഘടകം മാത്രമാണ്. പ്രപഞ്ചത്തിൽ നിലനിൽക്കുന്ന സർവചരാചരങ്ങളിലുമടങ്ങിയ അനശ്വരവും ശാശ്വതവുമായ പരമസത്യമാണ് ബ്രഹ്മം. മനുഷ്യനിലെ ആത്മാവും അതുതന്നെ.

താൻ തന്നെയാണ് ബ്രഹ്മം എന്നു മനസ്സിലാക്കുന്ന മനുഷ്യന് ദൈവങ്ങളുടെ സഹായമാവശ്യമില്ല. ദൈവങ്ങളെ പൂജിക്കാനോ ദൈവങ്ങൾക്കു വഴിപാടുകൾ കൊടുക്കാനോ അവൻ പിന്നെ മിനക്കെടുകയില്ല. അതുകൊണ്ട് മനുഷ്യർ ഈ സത്യം മനസ്സിലാക്കരുതെന്ന് ദൈവങ്ങൾ ആഗ്രഹിക്കുന്നു. ബൃഹദാരണ്യകോപനിഷത്ത് പറയുന്നു:

> “ഞാൻ ബ്രഹ്മമാണ് എന്നു മനസ്സിലാക്കുന്നവൻ എല്ലാമായിത്തീരുന്നു. അങ്ങനെ ആയിത്തീരുന്നതിൽ നിന്ന് ആവനെ തടയാൻ ദൈവങ്ങൾക്കുപോലും സാദ്ധ്യമല്ല. എന്തെന്നാൽ, അവൻ അവരുടെ ആത്മാവായിത്തീരുന്നു. അതിനാൽ, താൻ വേറെയും ബ്രഹ്മം വേറെയുമാണെന്നു കരുതി തന്റെ സ്വന്തം ആത്മാവിനെയല്ലാതെ മറ്റേതെങ്കിലും ദൈവത്തെ ആരാധിക്കുന്നവൻ അറിവില്ലാത്തവനാണ്. ദൈവങ്ങൾക്ക് അവൻ വെറുമൊരു മൃഗമാണ്. ഒരു മനുഷ്യനെ അനേകം മൃഗങ്ങൾ സേവിക്കുന്നതുപോലെ മനുഷ്യർ ദൈവങ്ങളെയും ഭജിക്കുന്നു. ഒരൊറ്റ മൃഗമെങ്കിലും പൊയ്പ്പോയാൽ അപ്രിയമുണ്ടാകുമല്ലോ. അനേകം മൃഗങ്ങൾ കൈവിട്ടുപോയാലോ? അതുകൊണ്ട് മനുഷ്യർ ഈ സത്യം മനസ്സിലാക്കുന്നത് ദൈവങ്ങൾക്കിഷ്ടമല്ല”. [29]

മനുഷ്യനും പ്രപഞ്ചത്തിനും ഉപരിയായ യാതൊരു ശക്തിയുമില്ലെന്ന യാഥാർത്ഥ്യം മനസ്സിലാക്കാതെ ദൈവങ്ങളെ പൂജിക്കുന്നവർ മൃഗതുല്യരാണെന്നു പ്രഖ്യാപിക്കുന്ന ബൃഹദാരണ്യകോപനിഷത്തിലെ ഈ ഖണ്ഡികയെ രാധാകൃഷ്ണൻ ഇങ്ങനെ വ്യാഖ്യാനിക്കുന്നു:

> “മനുഷ്യർ പരമമായ സത്യത്തെ മനസ്സിലാക്കുന്നത് ദൈവങ്ങൾക്കിഷ്ടമല്ല. കാരണം അതു മനസ്സിലാക്കിയാൽ അവർ ദൈവങ്ങളുടെ സ്ഥാനം തങ്ങളുടേതിനേക്കാൾ എളിയതാണെന്ന് ധരിക്കുകയും വഴിപാടുകൾ കൊടുക്കാതാവുകയും ചെയ്യുമല്ലോ”. [30]

ബൃഹദാരണ്യകോപനിഷത്തിലെ ഉദ്ദാലകൻ തന്റെ പുത്രനായ ശ്വേതകേതുവിന്ന് പ്രപഞ്ചത്തിന്റെ ഏകത്വത്തെപ്പറ്റി പഠിപ്പിച്ചുകൊടുക്കുന്ന ഭാഗം ശ്രദ്ധേയമാണ്: ലോകത്തിന്റെ സാരസർവസ്വമാണ് ബ്രഹ്മം. അതാണ് സത്യം. അതാണ് ആത്മാവ്. അല്ലയോ ശ്വേതകേതോ, അതു തന്നെയാണ് നീ. തത്ത്വമസി.

ആത്മാവും ബ്രഹ്മവും ഒന്നാണെന്ന തത്വം മനുഷ്യനും മനുഷ്യസമൂഹവും തമ്മിലുള്ള ബന്ധത്തെയാണ് വെളിപ്പെടുത്തുന്നത്. ഞാൻ ബ്രഹ്മമാണ്, നീ ബ്രഹ്മമാണ്, അവൻ ബ്രഹ്മമാണ്. ബ്രഹ്മം എല്ലാമാണ്. അതുകൊണ്ട് ഞാനും നീയും ഒന്നാണ്.

ബ്രഹ്മത്തെപ്പറ്റിയുള്ള ഈ മനോഹരമായ സങ്കല്പം മനുഷ്യനും മനുഷ്യനും തമ്മിലുള്ള എല്ലാ അകൽച്ചകളെയും എല്ലാത്തരം അസമത്വങ്ങളെയും തരണം ചെയ്യാൻ സഹായിക്കുന്നു. എന്തെന്നാൽ, പരമാത്മാവായ ബ്രഹ്മം മനുഷ്യന്റെ ആത്മാവായും ഒടുവിൽ മനുഷ്യൻ തന്നെയായും ആണ് സങ്കല്പിക്കപ്പെടുന്നത്. മഹാഭാരതത്തിലെ ഒരു ശ്ലോകം ഇത് സംശയത്തിനിടയില്ലാത്തവിധം വ്യക്തമാക്കുന്നുണ്ട്: “ബ്രഹ്മത്തിന്റെ രഹസ്യമെന്തെന്ന് ഞാൻ നിങ്ങൾക്ക് പറഞ്ഞുതരാം: മനുഷ്യനേക്കാൾ ശ്രേഷ്ഠമായി മറ്റൊന്നുമില്ല”. [31]

വർണ്ണവ്യവസ്ഥയോടൊപ്പം പരന്നു പിടിക്കാൻ തുടങ്ങിയ അസമത്വങ്ങൾക്കും അന്യതാബോധത്തിനുമെതിരായ പ്രാചീനതത്വജ്ഞാനികളുടെ പ്രതിഷേധത്തെയും നഷ്ടപ്പെട്ട മാനവൈക്യത്തെ വീണ്ടെടുക്കാനുള്ള അവരുടെ അഭിലാഷത്തെയുമാണ് ഈ ബ്രഹ്മസങ്കല്പം പ്രതിഫലിപ്പിക്കുന്നത്. വർണ്ണവ്യത്യാസങ്ങളെയും ഉച്ചനീചത്വങ്ങളെയും വകവെയ്ക്കാതെ എല്ലാവരെയും സമമഭാവനയോടെ നോക്കിക്കാണാൻ അവരാഗ്രഹിച്ചു. ഈ ആഗ്രഹം നിറവേറണമെങ്കിൽ സങ്കുചിതമായ അഹംബോധം ഇല്ലാതാവണം. വർണ്ണങ്ങളുടെയും വർഗ്ഗങ്ങളുടെയും ജാതികളുടെയും വംശങ്ങളുടെയും രാജ്യങ്ങളുടെയും എല്ലാ അതിർത്തിവരമ്പുകളെയും തട്ടിത്തകർത്ത് മനുഷ്യനെ മനുഷ്യനായി കാണണം. തന്നെ മറ്റുള്ളവരിലും മറ്റുള്ളവരിൽ തന്നെയും കാണാൻ സാധിക്കണം. [32] സങ്കുചിതമായ അഹംബോധം പാപമാണ്. സത്യത്തിൽ നിന്നുള്ള അന്യവൽക്കരണത്തിന്റെ ഫലമാണ് പാപം. എല്ലാം ആത്മാവാണെന്ന് മനസ്സിലാക്കിയാലേ പാപത്തിൽ നിന്ന് രക്ഷപെടാൻ കഴിയൂ. [33] ഉപനിഷത്തുകളിലെ ആചാര്യന്മാരുടെ അഭിപ്രായത്തിൽ അഹംബോധമാണ്, യഥാർത്ഥമായ ആത്മാവിനെക്കുറിച്ചുള്ള അജ്ഞതയാണ്, എല്ലാ ദുഃഖങ്ങളുടെയും അടിസ്ഥാനകാരണം.

വ്യാവഹാരിക ജീവിതത്തിലെ പ്രയോഗസിദ്ധമായ ആത്മാവും അതിന്റെ പിന്നിലുള്ള യഥാർത്ഥമായ ആത്മാവും തമ്മിലുള്ള ഈ ദ്വിത്വഭാവം, വാസ്തവത്തിൽ, ജീവിതയാഥാർത്ഥ്യങ്ങളുടെ വൈരുദ്ധ്യത്തെയാണ് പ്രതിഫലിപ്പിക്കുന്നത്. സാമൂഹ്യജീവിതത്തിലെ സംഘട്ടനങ്ങളും വൈരുദ്ധ്യങ്ങളും വ്യാവഹാരിക ലോകത്തിലെ യാഥാർത്ഥ്യങ്ങളാണ്. എങ്കിലും അവ പരമാർത്ഥിക സത്യങ്ങളല്ല, മനുഷ്യന്റെ ആന്തരികസത്തയുടെ പ്രകടനങ്ങളല്ല. വ്യവഹാരിക ജീവിതത്തിലെ വൈരുദ്ധ്യങ്ങൾ എന്തൊക്കെത്തന്നെയായാലും, ആന്തരികമായ സത്ത എല്ലാ മനുഷ്യരിലും ഒന്നാണ്. അതാണ് പരമാർത്ഥികമായ യാഥാർത്ഥ്യം. അത് സംഘട്ടനങ്ങളിൽ നിന്നും വൈരുദ്ധ്യങ്ങളിൽ നിന്നും വർണ്ണവ്യത്യാസങ്ങളിൽ നിന്നും വിമുക്തമാണ്. ആ പരമാർത്ഥികസത്യത്തിലെത്തിച്ചേരുകയാണ് മനുഷ്യജീവിതത്തിന്റെ ലക്ഷ്യം.

പക്ഷേ, ഈ ലക്ഷ്യം നേടാനുള്ള സാഹചര്യങ്ങളുണ്ടായിരുന്നില്ല. സ്വകാര്യസ്വത്തിന്റെ ആവിർഭാവത്തോടുകൂടി സമുദായത്തിൽ മനുഷ്യന്റെ സങ്കുചിതമായ അഹംബോധം കൂടുതൽ ശക്തിപ്പെട്ടു. ദുര, അസൂയ, മാത്സര്യം, സ്വാർത്ഥം തുടങ്ങിയ ദുർവാസനകൾ തലപൊക്കി. എങ്ങനെ സ്വത്തു കുന്നുകൂട്ടാം? മറ്റുള്ളവരുടെ സ്വത്ത് തട്ടിയെടുക്കാനെന്താണ് വഴി? സ്വാർത്ഥം നേടേണ്ടതെങ്ങനെ? ഇത്തരം ആലോചനകൾ ഉയർന്നുവന്നു. ആത്മജ്ഞാനത്തിലേക്കുള്ള വാതിൽ കൊട്ടിയടയ്ക്കുകയും മനുഷ്യത്വത്തിന്റെ വളർച്ചയെ തടഞ്ഞുനിർത്തുകയും ചെയ്യുന്ന ഈ ദുർവാസനകൾക്കെതിരായി ഉപനിഷത്തുകളിലെ ഋഷികൾ വീണ്ടും വീണ്ടും താക്കീതു നൽകുന്നു. സ്വത്തുക്കളിലൂടെ അമരത്വം നേടാൻ കഴിയില്ലെന്ന് ബൃഹദാരണ്യകോപനിഷത്തിൽ യാജ്ഞവൽക്യൻ മൈത്രേയിയെ ഉപദേശിക്കുന്നു. [34] സ്വത്തുക്കൾ സംഭരിച്ചു വെക്കുന്നതിനുപകരം അവയെ മറ്റുള്ളവർക്കു ദാനം ചെയ്യാനും ത്യാഗത്തിൽ ആനന്ദം കാണാനും ഈശാവാസ്യോപനിഷത്ത് ആവശ്യപ്പെടുന്നു:

> “ഈ കാണുന്നതെല്ലാം, ചലനാത്മകമായ ഈ ജഗത്തുമുഴുവനും, ഈശ്വരാത്മകമാണ്. അതുകൊണ്ട് ത്യാഗത്തിലൂടെ (ആനന്ദം) അനുഭവിക്കുക. മറ്റുള്ളവരുടെ സമ്പത്ത് കൊതിക്കരുത്. [35]

ദമം (ആത്മനിയന്ത്രണം), ദാനം, ദയ എന്നീ മൂന്നു ഗുണങ്ങൾ സ്വായത്തമാക്കാൻ ബൃഹദാരണ്യകോപനിഷത്ത് ആഹ്വാനം ചെയ്യുന്നു.

ഒറ്റപ്പെട്ട വ്യക്തികൾ ഉപനിഷത്തുകളുടെ ഉപദേശങ്ങൾക്കനുസരിച്ച് ജീവിക്കാനും എല്ലാ മനുഷ്യരെയും ഒരുപോലെ കാണാനും ശ്രമിച്ചുനോക്കി. പക്ഷേ, അവർക്ക് സമുദായത്തിൽ വലിയ മാറ്റങ്ങളൊന്നും ഉണ്ടാക്കാൻ കഴിഞ്ഞില്ല. സാമൂഹ്യജീവിതത്തിലെ വർണ്ണവ്യത്യാസങ്ങളും സാമ്പത്തികാസമത്വങ്ങളും മൂർച്ഛിക്കുകയാണ് ചെയ്തത്. വർണ്ണവൈരുദ്ധ്യങ്ങളിലൂടെയാണ് സാമൂഹ്യോൽപ്പാദനശക്തികൾ വളരുകയും സ്വത്തുക്കൾ വർദ്ധിക്കുകയും ചെയ്തത്. ഈ സാഹചര്യത്തിൽ പഴയ ഗോത്രസമൂഹത്തിലെ ഐക്യത്തിലേക്കും സഹോദര്യത്തിലേക്കും തിരിച്ചുപോവുക സാദ്ധ്യമായിരുന്നില്ല. ഉൽപ്പാദനശക്തികളുടെയും സാങ്കേതികവിദ്യകളുടെയും അഭിവൃദ്ധി സമുദായത്തിന്റെ പുരോഗതിക്കാവശ്യവുമായിരുന്നു. ഉൽപ്പാദനശക്തികളുടെ വളർച്ചയ്ക്ക് പ്രചോദനം നൽകുന്ന വർണ്ണവ്യത്യാസങ്ങളും സാമ്പത്തികാസമത്വങ്ങളും നിലനിൽക്കുന്നേടത്തോളം കാലം മനുഷ്യന്റെ വ്യാവഹാരികമായ സ്വഭാവവും, പരമാർത്ഥികമായ സ്വഭാവവും തമ്മിലുള്ള വൈരുദ്ധ്യങ്ങളവസാനിപ്പിക്കുന്നതെങ്ങനെയാണ്? മനുഷ്യസ്നേഹികളായ തത്വജ്ഞാനികളുടെ ആഗ്രഹാഭിലാഷങ്ങളെയും ഉപദേശങ്ങളെയും വകവെയ്ക്കാതെ വർണ്ണവ്യത്യാസങ്ങളും സാമ്പത്തികാസമത്വങ്ങളും കൂടുതൽ കൂടുതൽ പ്രകടമാവുകയാണ് ചെയ്തത്. അതോടൊപ്പം തന്നെ സമുദായത്തിൽ സങ്കുചിതമായ അഹംബോധവും അസൂയ, ദുര തുടങ്ങിയ ദുർവാസനകളും വർദ്ധിച്ചു. തത്ത്വമസി, അഹം ബ്രഹ്മാസ്മി തുടങ്ങിയ വിപ്ലവകരങ്ങളായ പ്രഖ്യാപനങ്ങൾ സാമൂഹ്യ യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടുന്നവയായിരുന്നില്ല. സാമൂഹ്യയാഥാർത്ഥ്യങ്ങളിൽ നിന്നുയർന്നുവന്ന അസമത്വങ്ങളുടെ മതിൽക്കെട്ടുകളെ ഇടിച്ചുപൊളിക്കാൻ അവയ്ക്കു കഴിവുണ്ടായിരുന്നില്ല. അതുകൊണ്ട് അവ തത്വജ്ഞാനികളുടെ ഭാവനകളിലും ചിന്തകളിലും മാത്രം നിലനിന്നു. അതുകൊണ്ട് തന്നെ തത്വജ്ഞാനികൾ കൂടുതൽ കൂടുതൽ അന്തർമുഖരാവാൻ തുടങ്ങി. നിത്യജീവിതത്തിലെ സംഘട്ടനങ്ങളിൽ നിന്നൊഴിഞ്ഞു മാറിക്കൊണ്ട് അവർ മനസ്സിനുള്ളിലെ വൈരുദ്ധ്യങ്ങൾക്ക് ആത്മീയമായ പരിഹാരം കാണാൻ ശ്രമിച്ചു. വ്യവഹാരികജീവിതത്തിൽ നേടാൻ കഴിയാത്തത് അവർ ഭാവനയിലൂടെ നേടാനാഗ്രഹിച്ചു. ക്രമേണ ആത്മാവ്, ബ്രഹ്മം തുടങ്ങിയ സങ്കല്പങ്ങൾ വ്യാവഹാരികജീവിതവുമായി ബന്ധമില്ലാത്ത നിഗൂഢതത്വങ്ങളായിത്തീർന്നു. അനന്തവും അപാരവും അനശ്വരവുമായ ബ്രഹ്മം, ഭൗതികയാഥാർത്ഥ്യത്തിൽ നിന്ന് ഒറ്റപ്പെട്ട കേവലമായ സത്യവും കേവലമായ പ്രജ്ഞയുമായി വ്യാഖ്യാനിക്കപ്പെടാൻ തുടങ്ങി. സാമൂഹ്യയാഥാർത്ഥ്യങ്ങളെ മാറ്റിമറിക്കാനുള്ള ക്രിയാത്മകമായ സമരങ്ങൾക്കു പകരം ആത്മാവിനെ പരമാത്മാവിൽ ലയിപ്പിക്കാനുള്ള പരിശ്രമങ്ങൾ ആരംഭിച്ചു.

ഇത്തരം ആത്മീയസങ്കല്പങ്ങൾക്ക് യഥാർത്ഥജീവിതത്തിലെ അന്യതാബോധമവസാനിപ്പിക്കാൻ കഴിഞ്ഞില്ല. പരിതസ്ഥിതികളുടെ പരിമിതികളും അപൂർണ്ണതകളും സംഘട്ടനങ്ങളും തത്വജ്ഞാനികളുടെ മനസ്സിനെ അലട്ടിക്കൊണ്ടിരുന്നു. പരിമിതികളെ തരണം ചെയ്യാനും അയഥാർത്ഥങ്ങളായ വ്യാമോഹങ്ങളിൽ നിന്നു മോചനം നേടാനും മനുഷ്യത്വത്തിന്റെ പൂർണ്ണത കൈവരുത്താനും അവർ വെമ്പൽ കൊണ്ടു. ആ വെമ്പലിന്റെ പ്രകടനമാണ് താഴെകൊടുത്ത ചേതോഹരമായ പ്രാർത്ഥന:

അസത്തിൽ നിന്ന് എന്നെ സത്തിലേക്ക് നയിക്കുക;

ഇരുട്ടിൽ നിന്ന് എന്നെ വെളിച്ചത്തിലേക്ക് നയിക്കുക;

മരണത്തിൽ നിന്ന് എന്നെ അമരത്വത്തിലേക്ക് നയിക്കുക! [36]

---

22. ബൃഹദാരണ്യകോപനിഷത്ത് IV. 4, 23.
23. ടി IV. 4, 25.
24. തൈത്തരീയോപനിഷത്ത് III.
25. ഛാന്ദോഗ്യോപനിഷത്ത് III.13.7.
26. ടി III.14.1.
27. ടി III. 14, 2.
28. മുണ്ഡകോപനിഷത്ത് II. 2, 12.
29. ബൃഹദാരണ്യകോപനിഷത്ത് I. 4, 10.
30. S. Radhakrishnan: The Principal Upanishads, PP. 168–169.
31. ഗുഹ്യം ബ്രഹ്മതദിദം വോ ബ്രവീമി,
    ന മാനുഷാത് ശ്രേഷ്ഠതരം ഹി കിഞ്ചിത്.
    — (മഹാഭാരതം, ശാന്തിപർവം)
32. സർവമാത്മാനം പശ്യതി ബൃ. ഉ. V. 4. 23.
33. ബൃ. ഉ. IV. 4, 23.
34. ബൃഹദാരണ്യകോപനിഷത്ത് II. 4, 2.
35. ഈശാവാസ്യം ഇദം സർവം യത് കിംച ജഗത്യാം ജഗത്
    തേന ത്യക്തേന ഭഞ്ജീഥാ മാ ഗൃധഃ കസ്യ സ്വിദ്ധാനം.
36. അസതോ മാ സദ് ഗമയ
    തമസോ മാ ജ്യോതിർഗമയ
    മൃത്യോർമാ അമൃതം ഗമയ.

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

## പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

### കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 5

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. ഇന്ത്യയിലെ പ്രാചീനമനുഷ്യൻ
2. മന്ത്രവാദവും മതവും
3. തത്വചിന്തയുടെ തുടക്കം
4. ഉപനിഷത്തുകൾ
5. ചാതുർവർണ്യവും പുരുഷാർഥങ്ങളും
6. ദർശനങ്ങൾക്ക് ഒരു മുഖവുര
7. പ്രാചീനഭൗതികവാദികൾ
8. ലോകായതം
9. ബൗദ്ധദർശനത്തിന്റെ പ്രാരംഭഘട്ടം
10. ജൈനദർശനം
11. സാംഖ്യദർശനം
12. വൈശേഷികദർശനം
13. ന്യായദർശനം
14. യോഗദർശനം
15. മീമാംസ
16. പ്രാചീനവേദാന്തം
17. ഭഗവദ്ഗീത
18. നാടുവാഴിവ്യവസ്ഥയും ഹിന്ദുമതവും
19. ബൗദ്ധദർശനത്തിലെ ഉൾപ്പിരിവുകൾ
20. തന്ത്രമന്ത്രങ്ങളും ബുദ്ധമതത്തിന്റെ തകർച്ചയും
21. ദക്ഷിണേന്ത്യയിലെ പ്രാചീനചിന്തകളും ഹിന്ദുമതവും
22. അദ്വൈതവേദാന്തം


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014